സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ എൻ. പി. എ. ആയിട്ടുള്ള വായ്പാ കുടിശ്ശികകൾ

166 [765] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളിലെ എൻ. പി. എ. ആയിട്ടുള്ള വായ്പാ കുടിശ്ശികകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർക്കാവുന്ന പദ്ധതിയുടെ കാലാവധി അവസാനിക്കുന്ന തീയതി എപ്പോഴാണ് ;

(ബി) വായ്പാ കുടിശ്ശിക ഒരുമിച്ച് അടയ്ക്കാൻ തയ്യാറാകുന്ന കുടിശ്ശികക്കാരന് എന്തെല്ലാം നിലയിലുള്ള ആനുകൂല്യങ്ങൾ നല്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) കുടിശ്ശിക നിവാരണത്തിൽ സ്വന്തം നിലയിൽ സ്കീം ഉണ്ടാക്കുന്നതിന് ജില്ലാ ബാങ്ക് ഭരണസമിതികൾക്ക് അനുവാദം നല്കിയിട്ടുണ്ടോ ; ഏതെല്ലാം ജില്ലാ ബാങ്കുകൾ പ്രത്യേക സ്കീം തയ്യാറാക്കി രജിസ്ട്രാറുടെ അനുമതിക്കായി അയച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ഡി) കുടിശ്ശികയുടെ പലിശ പൂർണ്ണമായും ഒഴിവാക്കിക്കൊടുത്തുകൊണ്ട് വായ്പ തിരിച്ചടച്ചുതീർക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ കാലാവധി 31-12-2004-ൽ അവസാനിച്ചു. എന്നാൽ നബാർഡ് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി എൻ. പി. എ. കുറയ്ക്കാൻ സംസ്ഥാന സഹകരണ ബാങ്കും ജില്ലാ സഹകരണ ബാങ്കുകളും സ്പെഷ്യൽ റിക്കവറി സ്കീം അതാതു ബാങ്ക് ഭരണസമിതി തയ്യാറാക്കി സഹകരണ സംഘം രജിസ്ട്രാറുടെ അനുമതിയോടുകൂടി നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം കുടിശ്ശിക ഒന്നിച്ചടയ്ക്കുന്ന വായ്പാക്കാരന് മറ്റ് അനാമത്ത് ചെലവുകൾ ഒഴിവാക്കി സമാന വായ്പകൾക്ക് ഇപ്പോൾ ഈടാക്കുന്ന പലിശ നൽകിയാൽ മതിയാകും

(ബി) വായ്പാ കുടിശ്ശിക ഒരുമിച്ച് അടയ്ക്കാൻ തയ്യാറാകുന്ന കുടിശ്ശികക്കാരന് പിഴപ്പലിശ, കൂട്ടുപലിശ, മറ്റ് അനാമത്ത് ചെലവുകൾ എന്നിവ ഒഴിവാക്കി മുഴുവൻ തുകയും കുടിശ്ശികയായ തീയതി മുതൽ 11% പലിശ നൽകിയാൽ മതിയാകും എന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്.

(സി) ഉണ്ട്. കൊല്ലം, പത്തനംതിട്ട, കോട്ടയം, പാലക്കാട്, കണ്ണൂർ ജില്ലാ സഹകരണ ബാങ്കുകൾ പ്രത്യേക സ്കീം തയ്യാറാക്കി സഹകരണ സംഘം രജിസ്ട്രാറുടെ അനുമതി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ കാലാവധി ദീർഘിപ്പിക്കുന്നതിനും ഭേദഗതിക്കുമായി കൊല്ലം, പത്തനംതിട്ട ജില്ലാ സഹകരണ ബാങ്കുകൾ വീണ്ടും അപേക്ഷിച്ചിട്ടുണ്ട്.

(ഡി) സഹകരണ സംഘം/ബാങ്കുകളിലെ വായ്പാ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ഇക്കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly